LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവിംഗ് ലൈസൻസ് പി. വി. സി. കാർഡായി നൽകുന്നതിനുള്ള സംവിധാനം

83 [2120] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസുകൾ പി. വി. സി. കാർഡായി നൽകുന്നതിനുള്ള സംവിധാനം ഏതെല്ലാം ജില്ലകളിലാണ് നിലവിലുള്ളത്;

(ബി) ഈ ജില്ലകളിൽ ഈ സംവിധാനം അനുസരിച്ച് ഡ്രൈവിംഗ് ലൈസൻസുകളുടെ വിതരണം നടക്കുന്നുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിൽ പി. വി. സി. കാർഡ് ലഭ്യമല്ലാത്തത് കാരണം ഡ്രൈവിംഗ് ലൈസൻസുകളുടെ വിതരണം മുടങ്ങിയിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസുകൾ പി. വി. സി. കാർഡായി നൽകുന്നതിനുള്ള സംവിധാനം തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ മാത്രമാണുള്ളത്.

(ബി) ഇപ്പോൾ നടക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി. വി. സി. കാർഡ് ലഭ്യമല്ലാത്തതുകാരണം ഡ്രൈവിംഗ് ലൈസൻസുകളുടെ വിതരണം മുടങ്ങിയിരുന്നത് ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

പി. എസ്. സി. റിസർവ്വ് കണ്ടക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

84 [2121] ശ്രീ. സി. ടി. അഹമ്മദ് അലി:

,, യു. സി. രാമൻ:

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി.യുടെ റിസർവ്വ് കണ്ടക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്തിട്ടും എംപാനൽ ആയിട്ട് 5-10-2004-ന് മുമ്പ് നിയമിക്കപ്പെട്ട എല്ലാവരെയും സ്ഥിരപ്പെടുത്തി അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകിയതുപോലെ 10-11-2004 വരെ പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചവർക്കും കൂടി ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇതിനുള്ള ഉത്തരവ് എന്നേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)യും (ബി)യും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് 10-11-2004 വരെ നിയമനം ലഭിച്ചവരെയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. വാഹനങ്ങൾമൂലമുള്ള അപകടം

85 [2122] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ബസ്സുകൾമൂലം എത്ര വാഹന അപകടങ്ങൾ ഉണ്ടായി എന്നും, അതുമൂലം എത്ര പേർ മരിച്ചെന്നും എത്രപേർക്ക് ഗുരുതരമായി പരിക്ക് പറ്റിയെന്നും വെളിപ്പെടുത്താമോ ;

(ബി) റോഡപകടങ്ങൾമൂലം കോർപ്പറേഷന് എത്ര തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ ; എത്ര രൂപയുടെ നഷ്ട പരിഹാരം കൊടുത്ത് തീർക്കാനുണ്ടെന്ന് അറിയിക്കാമോ ;

(സി) കെ. എസ്. ആർ. ടി. സി. വാഹനങ്ങളുടെ അപകട സാദ്ധ്യത കുറയ്ക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ഡി) മദ്യപിച്ച് വാഹനമോടിച്ചതിന് എത്ര കെ. എസ്. ആർ. ടി. സി. ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഇ) സ്പീഡ് ഗവേർണർ നിർബന്ധമായും എല്ലാ വലിയ യാത്രാ വാഹനങ്ങളിലും ചരക്ക് വാഹനങ്ങളിലും ഘടിപ്പിക്കണമെന്നുള്ള നിർദ്ദേശം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്നും, അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കോർപ്പറേഷനുണ്ടായ നഷ്ടം ശേഖരിച്ച് നൽകുന്നതാണ്.

(സി) 1. അമിത വേഗത നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു.

2. ഡ്രൈവർമാർക്ക് കെ. എസ്. ആർ. ടി. സി. സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, പി. സി. ആർ. എ. ഇവയിൽ പരിശീലനം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly